**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2224** **04.11.2019 - ൽ മറുപടിക്ക്.**

**മുൻഗണന കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡം**

ചോദ്യം

**ശ്രീ.സി. കെ. ശശീന്ദ്രൻ**
**,, കെ.വി.അബ്ദുൾ ഖാദർ**
**,, കെ.ഡി. പ്രസേനൻ**
**,, ഡി.കെ. മുരളി :**

(എ) മുൻഗണനാ കാർഡുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.2017 ലെ സ.ഉ.(സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് നൽകിയിരുന്നു. ആയതു പ്രകാരം സംസ്ഥാനത്താകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കി. പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികയിൽ നാളിതുവരെ 3,96,071 (29.10.2019) കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏകദേശം 17 ലക്ഷം അംഗങ്ങൾ) ടി പട്ടികയ്ക്ക് പുറമേ അടിയന്തിര പ്രാധാന്യമുളള കേസുകളിൽ, ഗുരുതരമായ രോഗങ്ങൾ, അടിയന്തിര ചികിത്സ ആവശ്യമുളളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്നവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ 10(എ) പ്രകാരമുളള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമാണ് എ.എ.വൈ വിഭാഗത്തെ

കണ്ടെത്തുന്നത്. ആയതിന് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

**(ബി)** ഇതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**(സി)** എ.എ.വൈ. കാർഡുകൾ ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകി വരുന്നതെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാകുന്നതെന്നും അറിയിക്കാമോ;

**(സി)** അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, **60** വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.
2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.എ.വൈ ഗുണഭോക്താക്കൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ 35 കിലോ ഭക്ഷ്യധാന്യങ്ങളും 1 കിലോ പഞ്ചസാരയും നൽകി വരുന്നു.

**(ഡി)** മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡ പ്രകാരം ബി. പി. എൽ. പട്ടികയിലുള്ള എല്ലാ കുടുംബങ്ങളെയും മുൻഗണന ലിസ്റ്റിൽ

**(ഡി)** മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡപ്രകാരം ബി.പി.എൽ പട്ടികയിൽ ഉള്ള എല്ലാ കുടുംബങ്ങൾക്കും ക്ലേശ ഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 20 മാർക്ക് വെയിറ്റേജായി

| | |
|---|---|
| ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | അനുവദിക്കുന്നുണ്ട്. പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികകളിൽ ഏതാനും താലൂക്കുകൾ ഒഴികെ മറ്റ് താലൂക്കുകളിലെ പട്ടികകളിൽ നിന്നും മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കഴിഞ്ഞു. രണ്ടാം ഘട്ടമെന്ന നിലയിൽ വീണ്ടും അപേക്ഷകൾ സ്വീകരിച്ച് പരിശോധനകൾ നടത്തി സാദ്ധ്യത പട്ടിക തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**